പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 557 — 6.3.2012-ലെ മറുപടിയ്ക്ക്

**കേര പാർക്ക് പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പ്രൊഫ. സി. രവീന്ദ്ര നാഥ് | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ)പുതുക്കാട് മണ്ഡലത്തിലെ കിൻഫ്രയും കോക്കനട്ട് ഡവലപ്പ്മെൻറ് ബോർഡും കൂടി സംയാജിച്ചുകൊണ്ടുള്ള കേരപാർക്ക് എന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) യും ബി) യും സി) യും മുകുന്ദപുരം താലൂക്കിലെ നെന്മണിക്കര, തൃക്കൂർ വില്ലേജുകളിലുൾപ്പെട്ട 100 ഏക്കർ ഭൂമി കേര പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി പൊന്നും വിലയ്ക്കെടുക്കുവാൻ ജി.ഒ (ആർ.ടി) 912/2012/ ഐ.ഡി തീയതി 25.6.2010 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിൻെറ അടിസ്ഥാനത്തിൽ വിലയ്ക്കെടുക്കുന്നതിനുള്ള അർത്ഥനാപത്രം കിൻഫ്ര തൃശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. |
| (ബി) ഈ പദ്ധതിക്കായിട്ടുള്ള സ്ഥലം ഏറ്റെടുക്കുന്നതിൻെറ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; | |
| സി) ഈ പദ്ധതി എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ? | എന്നാൽ പ്രസ്തുത ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൻെറ പരിധിയിൽ വരുന്നതാകയാൽ ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് 2008-ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് കിൻഫ്ര അപേക്ഷ നൽകിയിരുന്നു. എന്നാൽ സംസ്ഥാനതല നിരീക്ഷണ സമിതി ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം കേര പാർക്ക് സ്ഥാപിക്കുന്നതിലേക്കു വേണ്ടി തണ്ണീർത്തടമോ, നെൽപ്പാടങ്ങളോ അല്ലാതെയുള്ള വേറെ സ്ഥലം കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് കിൻഫ്രയുടെ അപേക്ഷ കൃഷി വകുപ്പ് നിരസിച്ചിരിക്കുകയാണ്. ആയതിനാൽ പ്രസ്തുത ഭൂമിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ നിറുത്തി വച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ